### തെരഞ്ഞെടുപ്പ്

# ബി.ജെ.പി. അല്ല, നവസാമൂഹ്യ പ്രസ്ഥാനങ്ങളാണ് അക്കൗണ്ട് തുറക്കുന്നത്

**സിവിക് ചന്ദ്രൻ**

ഇന്ത്യ ഒരു സെക്കുലർ റിപ്പബ്ലിക്കായി തുടരണമോ വേണ്ടയോ എന്നതാണ് ഈ തെരഞ്ഞെടുപ്പിൽ യഥാർത്ഥത്തിൽ ഉന്നയിക്കപ്പെടേണ്ട പ്രശ്നമെങ്കിൽ കേരളത്തിലെ വോട്ടർമാർ അക്കാര്യത്തിൽ ഒരഭിപ്രായം തെരഞ്ഞെടുപ്പിനുമുമ്പേതന്നെ രേഖപ്പെടുത്തിക്കഴിഞ്ഞു. ഹിന്ദുത്വത്തിന്റെ മതാധിപത്യ റിപ്പബ്ലിക് എന്ന ആശയം മലയാളം നിരാകരിക്കുന്നു. എന്നിട്ടും



സി.കെ. ജാനു
ഇടുക്കി



അഡ്വ.തോമസ് കുരിയൻ
വടക്കാഞ്ചേരി



എ.സി.വർക്കി
കോഴിക്കോട്

എന്തിനാണ് ഇപ്പോളൊരു തെരഞ്ഞെടുപ്പ് ? വെറും സാങ്കേതിക അർത്ഥത്തിലേ കേരളത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്നുള്ളൂ. അതും ഒരു സൗഹൃദമത്സരം. ഏതെങ്കിലും മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്നുണ്ടെങ്കിൽ അത് വടക്കാഞ്ചേരിയിൽ മാത്രമാണ്. അതുകൊണ്ട് ഈ തെരഞ്ഞെടുപ്പിൽ 20 ലോകസഭാ നിയോജകമണ്ഡലങ്ങളിലും ആരു തോൽക്കുന്നു, ആരു ജയിക്കുന്നു എന്നതത്ര കാര്യമുള്ള കാര്യമല്ല. ഏത് തെരഞ്ഞെടുപ്പിലും ജയിക്കേണ്ട ചിലർ തോൽക്കാറുണ്ട് തോൽക്കേണ്ട ചിലർ ജയിക്കാറുമുണ്ട്. ഇത്തവണയും അത് സംഭവിക്കാം. ഇടതുപക്ഷ ജനാധിപത്യമുന്നണിയോ ഐക്യജനാധിപത്യമുന്നണിയോ ആരാണ് കൂടുതൽ സീറ്റ് നേടുകയെന്നത് ഒരു സർപ്രൈസേ അല്ല. ഒരു തൂക്കുപാർലിമെന്റാണ് തെരഞ്ഞെടുപ്പ് ഫലമെങ്കിൽ അക്കങ്ങൾക്ക് വിലയുണ്ടാകാം. അതിനപ്പുറം മലയാളി വോട്ടർമാർ വേവലാതിപ്പെടേണ്ട ഒന്നും ഈ തെരഞ്ഞെടുപ്പിലില്ല.

എന്നിട്ടും മലയാളി ബുദ്ധിജീവികളുടെ മതേതര നിയോജകമണ്ഡലം ഹിന്ദുത്വ ഭീഷണിയെപ്പറ്റി വേവലാതിപ്പെടുന്നതിലാണത്ഭുതം. ഈ കുറിപ്പെഴുന്നതിന് അല്പംമുമ്പ് ഒരു പ്രസ്താവന ഒപ്പിടാൻ വേണ്ടി പ്രത്യേക ദൂതൻ വഴി എന്റെ മുമ്പിലെത്തി: ബി.ജെ.പി യെ നിരാകരിക്കുക എൽ.ഡി.എഫിനെയോ യു.ഡി.എഫിനെയോ വിജയിപ്പിക്കുക എന്ന് നമ്മുടെ അറിയപ്പെടുന്ന ചില സാംസ്കാരിക നായകർ ആഹ്വാനം ചെയ്യുകയാണ്. കേരളത്തിൽ ഈ തെരഞ്ഞെടുപ്പിലുള്ളതായി ഇവർ ഊതിപ്പെരുപ്പിക്കുന്നത് ഒരു വ്യാജ പ്രശ്നമാണ്. ബി.ജെ.പി അക്കൗണ്ട് തുറക്കുമോ എന്നത് ഒരു മതേതര പരിഷയ്ക്ക് ഉറക്കമൊഴിക്കേണ്ട പ്രശ്നമേയല്ല. തെരഞ്ഞെടുപ്പിനു പുറത്തുള്ളത് തെരഞ്ഞെടുപ്പിലും പ്രതിഫലിക്കുന്നു. കേരള കോൺഗ്രസ്സുകാർക്കും മുസ്ലിം ലീഗിനുമുള്ള ജനപിന്തുണ കേരളത്തിൽ ബി.ജെ.പിക്കുമുണ്ട്. സ്വന്തം വോട്ടുബാങ്ക് ചിതറിക്കിടക്കുന്നുവെന്നതിനാലാണ് ബി.ജെ.പി ക്കിവിടെ അക്കൗണ്ട് തുറക്കാനാവാത്തത്. ഹിന്ദുത്വമാണ് വെല്ലുവിളിയെങ്കിൽ അതിനെ തെരഞ്ഞെടുപ്പിൽ മാത്രമായി ഒറ്റതിരിഞ്ഞ് നേരിടാനാവില്ല. എന്തുകൊണ്ട് ഹിന്ദുത്വമെന്നത് കൂടുതൽ ഗൗരവമുള്ള ചോദ്യമാണ്, നാമെല്ലാം ആത്മവിമർശനത്തോടെ അഭിമുഖീകരിക്കേണ്ട ചോദ്യം. തെരഞ്ഞെടുപ്പ് കാലത്തെ ഒരു ഹിസ്റ്റീരിയയോ സെക്കുലർ കളക്ടീവുകളോ ഇന്റലക്ച്വൽ



(തുടർച്ച പേജ് 2-ൽ)